**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3324** **04-08-2021 - ൽ മറുപടിയ്ക്ക്**

**കാർത്തികപ്പള്ളി താലൂക്കിലെ റേഷൻ കാർഡ് അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ റേഷൻ കാർഡുകൾ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. ആയി മാറ്റുന്നതിനുവേണ്ടി എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വിശദമാക്കാമോ; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ലഭിച്ച 2414 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകളുടെ പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്ക് താഴെപറയുന്നു. നഗരസഭ കായംകുളം 321 ഹരിപ്പാട് 247 ആകെ 568 പഞ്ചായത്ത് കൃഷ്ണപുരം 92 ദേവികുളങ്ങര 115 കണ്ടല്ലൂർ 143 മുതുകുളം 152 പതിയൂർ 121 ചിങ്ങോലി 139 കാർത്തികപ്പള്ളി 124 ചേപ്പാട് 133 കരുവാറ്റ 172 കുമാരപുരം 141 ആറാട്ടുപുഴ 122 തൃക്കുന്നപ്പുഴ 127 പള്ളിപ്പാട് 107 വീയ്യപുരം 72 ചെറുതന 86 ആകെ 1846 |
| (ബി) | ഇനിയും തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ? | (ബി) | മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ